**ഭരണഭാഷ – മാതൃഭാഷ**

**കേരളസർക്കാർ**
**ഉദ്യോഗസ്ഥ – ഭരണപരിഷ്കാര (ഔദ്യോഗികഭാഷ)വകുപ്പ്**

നമ്പർ. ഒ.എൽ.4/29/2024/പി&എആർഡി

തിരുവനന്തപുരം,
തീയതി: 24/09/2024

**<u>സർക്കുലർ</u>**

വിഷയം:– ഉദ്യോഗസ്ഥ–ഭരണപരിഷ്കാര (ഔദ്യോഗികഭാഷ)വകുപ്പ്– 2024–ലെ മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും –ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ളമാർഗനിർദേശങ്ങൾ – സംബന്ധിച്ച്.

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതു സംബന്ധിച്ച് 18.03.2002–ൽ ജി.ഒ.(പി)നം.31/2002/പി&എആർഡി പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാമാറ്റത്തിന് ഉതകുംവിധമുള്ള ചർച്ചകളും സെമിനാറുകളും മറ്റും സംസ്ഥാന – ജില്ലാ – താലൂക്ക് – പഞ്ചായത്തുതലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. മലയാളദിനവും ഭരണഭാഷാവാരവും ആഘോഷിക്കുമ്പോൾ സ്കൂൾതലത്തിൽ പാലിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് 2/5/2002 ൽ ജി.ഒ.(പി)നം. 20/2002/പി&എആർഡി നമ്പർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പരിധിയിൽ നിന്ന് ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ എന്നിവ ഉപയോഗിക്കുന്ന കുട്ടികളെയും ഇതര സംസ്ഥാനങ്ങളിൽനിന്ന് ഇവിടെ വന്നു പഠിക്കുന്ന കുട്ടികളെയും ഒഴിവാക്കിക്കൊണ്ട് സർക്കാരുത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേല്പറഞ്ഞ ഉത്തരവുകളുടെ വെളിച്ചത്തിൽ കേരളപ്പിറവിയുടെ 68–ാം വാർഷികവേളയായ ഈ വർഷവും ആഘോഷപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. നവംബർ മാസത്തിലെ ആദ്യത്തെ പ്രവൃത്തിദിവസം മലയാളദിനാഘോഷവും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാഘോഷവും സംസ്ഥാനത്ത് വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**1.** സംസ്ഥാനതലത്തിൽ ആഘോഷപരിപാടികളുടെ ഉദ്ഘാടനം 01.11.2024–ന് ബഹു. മുഖ്യമന്ത്രി നിർവഹിക്കുന്നതാണ്. 2024 നവംബർ 1–ാം തീയതി എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഓഫീസുകളിൽ ഓഫീസ് തലവന്റെ അധ്യക്ഷതയിൽ ഭരണഭാഷാസമ്മേളനം സംഘടിപ്പിക്കേണ്ടതും താഴെച്ചേർത്തിട്ടുള്ള ഭരണഭാഷാപ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

*<u>ഭരണഭാഷാപ്രതിജ്ഞ</u>*

*"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാളഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും".*

**2.** വിദ്യാലയങ്ങളിൽ മലയാളദിനത്തിൽ ചേരുന്ന അസംബ്ലിയിൽ മലയാളം മാതൃഭാഷയായിട്ടുള്ള അധ്യാപകരും വിദ്യാർഥികളും താഴെച്ചേർത്തിട്ടുള്ള പ്രതിജ്ഞയെടുക്കേണ്ടതാണ്.

*" മലയാളമാണ്  എന്റെ ഭാഷ*
*എന്റെ ഭാഷ എന്റെ വീടാണ്.*
*എന്റെ ആകാശമാണ്.*
*ഞാൻകാണുന്ന നക്ഷത്രമാണ്.*
*എന്നെത്തഴുകുന്ന കാറ്റാണ്.*
*എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.*
*എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.*
*ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നംകാണുന്നത്*
*എന്റെ ഭാഷയിലാണ്.*
*എന്റെ ഭാഷ ഞാൻതന്നെയാണ്."*

3. ഭരണഭാഷാവാരാഘോഷക്കാലത്ത് ഓഫീസുകളിലും വിദ്യാലയങ്ങളിലും ആഘോഷം സംബന്ധിച്ച ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

ബാനറിന്റെ മാതൃക

*ഭരണഭാഷ –മാതൃഭാഷ*
*മലയാളദിനാഘോഷം – 2024 നവംബർ 1*
*ഭരണഭാഷാവാരാഘോഷം –2024 നവംബർ 1 മുതൽ 7 വരെ*

**4.** വാരാഘോഷക്കാലത്ത് വിവിധ വകുപ്പുകളിലും ഓഫീസുകളിലും ഭാഷാപോഷണത്തിനും ഭരണഭാഷാമാറ്റത്തിനും ഉതകുന്ന പരിശീലനക്ലാസുകൾ, പ്രഭാഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ, ഭരണഭാഷാപുരസ്കാരം ലഭിച്ചവർക്കുള്ള അനുമോദനം തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്. അതോടൊപ്പം, വിവിധ വകുപ്പുകൾക്ക് യോജിച്ചതും ഭാഷാമാറ്റപുരോഗതി കൈവരിക്കുന്നതിന് ഉതകുന്നതുമായ മറ്റു പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.

**5.** ഓഫീസുകളിൽ ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ്പദങ്ങളും സമാന മലയാളപദങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

**6.** മലയാളദിനാഘോഷത്തിന്റെയും ഭരണഭാഷാവാരാഘോഷത്തിന്റെയും ഭാഗമായി വിവിധ ഓഫീസുകളിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ സമാഹരിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി എല്ലാ വകുപ്പുതലവൻമാരും നവംബർ 30– നു മുൻപ് ഔദ്യോഗികഭാഷാവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയയ്ക്കേണ്ടതാണ്.

**7.**മലയാളദിന–ഭരണഭാഷാവാരാഘോഷത്തിന്റെ ഭാഗമായി ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾ സംബന്ധിച്ച പ്രത്യേകറിപ്പോർട്ട് അതതുജില്ലയിലെ ജില്ലാഇൻഫർമേഷൻ ഓഫീസർ 2024 നവംബർ 30–നകം ഔദ്യോഗികഭാഷാവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതാണ്.

**8.** മലയാളദിന–ഭരണഭാഷാവാരാഘോഷത്തിനുള്ള ചെലവ് ' 26– ഭരണഭാഷ നടപ്പാക്കൽ' എന്ന കണക്കിലോ, ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മറ്റു ചെലവുകൾ എന്ന കണക്കിലോ വകയിരുത്തേണ്ടതാണ്. പഞ്ചായത്തുതലത്തിലുള്ള പരിപാടികളുടെ ചെലവ് ബന്ധപ്പെട്ട പഞ്ചായത്തിന്റെ കണക്കിൽ വകയിരുത്തേണ്ടതാണ്.

**ദീപ.ടി.വി**
**ജോയിന്റ് സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറിമാർ
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ വകുപ്പു തലവൻമാർക്കും ഓഫീസുകൾക്കും

ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും

എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും

പൊതുവിദ്യാഭ്യാസ ഡയറക്ടർ/ഉന്നതവിദ്യാഭ്യാസ ഡയറക്ടർ/ ഹയർസെക്കൻഡറി ഡയറക്ടർ/ വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർ/ ഡയറക്ടർ,കോളേജുവിദ്യാഭ്യാസം / ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ

ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ്

പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)

സർക്കാർനിയന്ത്രണത്തിലുള്ള പൊതുമേഖല/ അർധസർക്കാർ സ്ഥാപനങ്ങളുടെ തലവൻമാർക്ക്.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ